# 3rd India-New Zealand Foreign Office Consultations
May 25, 2021

## 3 മത് ഇന്ത്യ-ന്യൂസിലൻഡ് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ
മെയ് 25, 2021

1. ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള 3 മത് ഫോറിൻ ഓഫീസ് കൺസൾട്ടേഷനുകൾ 2021 മെയ് 25 നു വിർച്ചൽ രീതിയിൽ നടന്നു. ഇന്ത്യൻ പ്രതിനിധി സംഘത്തെ സെക്രട്ടറി (ഈസ്റ്റ്) സെക്രട്ടറി റിവ ഗാംഗുലി ദാസും ന്യൂസിലാന്റ് സംഘത്തെ വിദേശകാര്യ വാണിജ്യ മന്ത്രാലയത്തിലെ അമേരിക്ക ആൻഡ് ഏഷ്യ ഗ്രൂപ്പ് ഡെപ്യൂട്ടി സെക്രട്ടറി മാർക്ക് സിൻക്ലെയറും നയിച്ചു. മുൻപത്തെ കൺസൾട്ടേഷനുകൾ 2019 ഫെബ്രുവരി 5 ന് ന്യൂഡൽഹിയിലായിരുന്നു..

2. നടന്നുകൊണ്ടിരിക്കുന്ന ഉഭയകക്ഷി സഹകരണം സമഗ്രമായി അവലോകനം ചെയ്തുകൊണ്ട്, പ്രതിരോധം, സുരക്ഷ, വ്യാപാരം, നിക്ഷേപം, ബഹിരാകാശം, ഭീകരവിരുദ്ധത, സൈബർ സുരക്ഷ, നിരായുധീകരണം, കാലാവസ്ഥാ വ്യതിയാനം എന്നിവയുൾപ്പെടെ വിവിധ മേഖലകളിലെ സഹകരണത്തിന്റെ ആക്കം വർദ്ധിപ്പിക്കുന്നതിനും വ്യക്തിഗത ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ഇരുപക്ഷവും ചർച്ച ചെയ്തു.

3. കോവിഡ്-19 പകർച്ചവ്യാധിയോടുള്ള പ്രതികരണം, ആഗോളതലത്തിൽ കോവിഡ് നിയന്ത്രണത്തിനായുള്ള വാക്സിനുകൾ, മരുന്നുകൾ എന്നിവയ്ക്കുള്ള ലഭ്യത എന്നിവയും ചർച്ച ചെയ്യപ്പെട്ടു.

4. വിവിധ പ്രാദേശിക വിഷയങ്ങളിൽ ഇരുപക്ഷവും അഭിപ്രായങ്ങൾ കൈമാറി. നിയമങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു അന്താരാഷ്ട്ര ക്രമത്തിനും സ്വതന്ത്രവും സുതാര്യവും സമന്വിതവുമായ ഇന്തോ-പസഫിക് മേഖലയ്ക്കുള്ള സഹകരണത്തിന്റെ പ്രാധാന്യവും അവർ ആവർത്തിച്ചു. ബഹുരാഷ്ട്ര, പ്രാദേശിക വേദികളിൽ ഏകോപനം ശക്തിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും ചർച്ച ചെയ്തു.

5. കൺസൾട്ടേഷനുകൾ സൗഹാർദ്ദപരവും ഊഷ്മളവുമായ അന്തരീക്ഷത്തിലാണ് നടന്നത്. അടുത്ത കൺസൾട്ടേഷൻ പരസ്പരം സൗകര്യപ്രദമായ തീയതിയിൽ നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**മെയ് 25, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.